## അരിനല്ലൂർ വെറ്ററിനറി പോളിക്ലിനിക്കിന്റെ പുതിയ മന്ദിരം മന്ത്രി കെ രാജു ഉദ്ഘാടനം ചെയ്യും

തേവലക്കര അരിനല്ലൂർ വെറ്ററിനറി പോളിക്ലിനിക്കിന്റെ പുതിയ മന്ദിരം മാർച്ച് 11 രാവിലെ 10ന് വനം, മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെ. രാജു ഉദ്ഘാടനം ചെയ്യും. പടപ്പനാൽ ആശുപത്രി അങ്കണത്തിൽ ചേരുന്ന ചടങ്ങിൽ എൻ. വിജയൻപിള്ള എംഎൽഎ അധ്യക്ഷത വഹിക്കും. നഗര പ്രദേശങ്ങളിലെ മുട്ടക്കോഴി വളർത്തൽ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം എൻ.കെ. പ്രേമചന്ദ്രൻ എംപി യും കന്നുകുട്ടി പരിപാലന പദ്ധതിയുടെ ബ്ലോക്ക്തല ഉദ്ഘാടനം ചവറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. തങ്കമണി പിള്ളയും നിർവഹിക്കും. തേവലക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് ആന്റണി, ജില്ലാ പഞ്ചായത്തംഗം സേതുലക്ഷ്മി, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ വിജയകുമാരി, കോയിവിള സൈമൺ, ബിന്ദു കൃഷ്ണകുമാർ, ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ, ഗ്രാമപഞ്ചായത്തംഗങ്ങൾ, മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എൻ.എൻ. ശശി റിപ്പോർട്ട് അവതരിപ്പിക്കും. ഉദ്ഘാടനത്തിന് മുന്നോടിയായി നടക്കുന്ന സെമിനാറിൽ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ എം.അനിൽകുമാർ മോഡറേറ്ററാകും.
(പി.ആർ.കെ.നമ്പർ-547/17)